**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2453** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെ ഇ എൽ-ന്റെ ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ജെ ജെ എം കുടിവെള്ള പദ്ധതിക്ക് എടരിക്കോട് കെ ഇ എൽ- ന്റെ ഭൂമി അനുവദിക്കണമെന്ന ആവശ്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ; | (എ) | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)ന്റെ മലപ്പുറം ജില്ലയിലെ എടരിക്കോട് യൂണിറ്റ് പ്രവർത്തിക്കുന്ന സ്ഥലത്തുള്ള 75 സെന്റ് സ്ഥലം ജലജീവൻ മിഷൻ പദ്ധതികൾക്കായി വിട്ടുനൽകണമെന്ന് 07.06.2022 -ലെ കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റി എടപ്പാൾ എക്സിക്യൂട്ടീവ് എൻജിനീയർ, കെൽ മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. 1994-ൽ കമ്പനി വിലക്ക് വാങ്ങിയിട്ടുള്ളതും കമ്പനിയുടെ പൂർണ ഉടമസ്ഥതയിലുള്ളതുമായ ടി സ്ഥലത്ത് ട്രാൻസ്ഫോർമറുകളുടെ റിപ്പയറിംഗ്, ട്രാൻസ്ഫോർമറുകളുടെ ഉൽപാദനം എന്നിവയും സർക്കാർ ധനസഹായ-ത്തോടെ 8.5 കോടി രൂപ മുതൽമുടക്കിൽ മാർക്കറ്റിൽ കൂടുതൽ ഡിമാന്റുള്ള കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമർ പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനവും നടന്നുവരുന്നു. മാത്രമല്ല എടരിക്കോടുള്ള കെല്ലിന്റെ രണ്ട് പ്ലാന്റുകൾക്കിടയിലുള്ള സ്ഥലമാണ് ജലജീവൻ മിഷൻ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്. അതിൻ പ്രകാരം കമ്പനി ടി സ്ഥലം വിട്ടുനൽകുകയാണെങ്കിൽ അസംസ്കൃത വസ്തുക്കൾ കമ്പനിയിലേക്ക് കൊണ്ടു വരുന്നതിനും ട്രാൻസ്ഫോർമറുകൾ പുറത്തേക്ക് കൊണ്ടുപോകുന്നതിനും കഴിയാതെ വരികയും ജീവനക്കാർക്ക് രണ്ട് യൂണിറ്റിലേക്കും ജോലി ആവശ്യത്തിനായി യാത്ര ചെയ്യുന്നതിന് വലിയ തടസ്സം സൃഷ്ടിക്കുന്നതുമാണ്. മാത്രമല്ല, കമ്പനി ഉത്പാദിപ്പിക്കുന്ന ട്രാൻസ്ഫോർമറുകൾ സൂക്ഷിക്കുവാൻ ആവശ്യമായ ഗോഡൗൺ നിലവിൽ ഇല്ലാത്തതിനാൽ ജലജീവൻ മിഷൻ പദ്ധതികൾക്കായി വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട ടി സ്ഥലം തന്നെയാണ് കമ്പനി ഗോഡൗണിനായി |

| | | | |
|---|---|---|---|
| | | | പരിഗണി-ച്ചിട്ടുള്ളത്. ഈ സ്ഥലം ട്രാൻസ്ഫോർമറുകളുടെ റിപ്പയറിംഗ് യാഡായും കമ്പനി ഉപയോഗിച്ചു വരുന്നുണ്ട്.ഈ സാഹചര്യത്തിൽ ജെ. ജെ. എം. കുടിവെള്ള പദ്ധതിക്ക് കെ.ഇ.എൽ.ന്റെ എടരിക്കോട് യൂണിറ്റിലെ ഭൂമി അനുവദിക്കണമെന്ന കേരള വാട്ടർ അതോറിറ്റിയുടെ ആവശ്യം പരിഗണി-ക്കാൻ നിർവ്വാഹമില്ലെന്ന് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്ക് വേണ്ടി കെ ഇ എൽ -ന്റെ എത്ര സെന്റ് ഭൂമിയാണ് കൈമാറുന്നത്;വിശദമാക്കാമോ? | (ബി) | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)ന്റെ മലപ്പുറം ജില്ലയിലെ എടരിക്കോട് യൂണിറ്റ് പ്രവർത്തിക്കുന്ന സ്ഥലത്തുള്ള 75 സെന്റ് സ്ഥലം ജലജീവൻ മിഷൻ പദ്ധതികൾക്കായി വിട്ടുനൽകണമെന്ന് 07.06.2022 -ലെ കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റി എടപ്പാൾ എക്സിക്യൂട്ടീവ് എൻജിനീയർ, കെൽ മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. 1994-ൽ കമ്പനി വിലക്ക് വാങ്ങിയിട്ടുള്ളതും കമ്പനിയുടെ പൂർണ ഉടമസ്ഥതയിലുള്ളതുമായ ടി സ്ഥലത്ത് ട്രാൻസ്ഫോർമറുകളുടെ റിപ്പയറിംഗ്, ട്രാൻസ്ഫോർമറുകളുടെ ഉൽപാദനം എന്നിവയും സർക്കാർ ധനസഹായ-ത്തോടെ 8.5 കോടി രൂപ മുതൽമുടക്കിൽ മാർക്കറ്റിൽ കൂടുതൽ ഡിമാന്റുള്ള കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമർ പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനവും നടന്നുവരുന്നു. മാത്രമല്ല എടരിക്കോടുള്ള കെല്ലിന്റെ രണ്ട് പ്ലാന്റുകൾക്കിടയിലുള്ള സ്ഥലമാണ് ജലജീവൻ മിഷൻ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്. അതിൻ പ്രകാരം കമ്പനി ടി സ്ഥലം വിട്ടുനൽകുകയാണെങ്കിൽ അസംസ്കൃത വസ്തുക്കൾ കമ്പനിയിലേക്ക് കൊണ്ടു വരുന്നതിനും ട്രാൻസ്ഫോർമറുകൾ പുറത്തേക്ക് കൊണ്ടുപോകുന്നതിനും കഴിയാതെ വരികയും ജീവനക്കാർക്ക് രണ്ട് യൂണിറ്റിലേക്കും ജോലി ആവശ്യത്തിനായി യാത്ര ചെയ്യുന്നതിന് വലിയ തടസ്സം സൃഷ്ടിക്കുന്നതുമാണ്. മാത്രമല്ല, കമ്പനി ഉത്പാദിപ്പിക്കുന്ന ട്രാൻസ്ഫോർമറുകൾ സൂക്ഷിക്കുവാൻ ആവശ്യമായ ഗോഡൗൺ നിലവിൽ ഇല്ലാത്തതിനാൽ ജലജീവൻ മിഷൻ പദ്ധതികൾക്കായി വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട ടി സ്ഥലം തന്നെയാണ് കമ്പനി ഗോഡൗണിനായി പരിഗണി-ച്ചിട്ടുള്ളത്. ഈ സ്ഥലം ട്രാൻസ്ഫോർമറുകളുടെ റിപ്പയറിംഗ് യാഡായും കമ്പനി ഉപയോഗിച്ചു വരുന്നുണ്ട്.ഈ സാഹചര്യത്തിൽ ജെ. ജെ. എം. കുടിവെള്ള പദ്ധതിക്ക് കെ.ഇ.എൽ.ന്റെ എടരിക്കോട് |

| | | | |
|---|---|---|---|
| | | | യൂണിറ്റിലെ ഭൂമി അനുവദിക്കണമെന്ന കേരള വാട്ടർ അതോറിറ്റിയുടെ ആവശ്യം പരിഗണി-ക്കാൻ നിർവ്വാഹമില്ലെന്ന് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ